No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ് പ്രവേശനത്തിനുള്ള സപ്ലിമെന്ററി റാങ്ക് ലിസ്റ്റ്–2020 യോഗ്യതാ പരീക്ഷയുടെ മാർക്ക് ഓൺലൈനായി സമർപ്പിക്കണം

2020-ലെ കേരളാ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയശേഷം റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി യോഗ്യതാ പരീക്ഷയുടെ മാർക്ക് വിവരങ്ങൾ നിശ്ചിത സമയത്തിനകം സമർപ്പിക്കാത്തതിനാൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച എഞ്ചിനീയറിംഗ് റാങ്ക്ലിസ്റ്റിൽ ഉൾപ്പെടാതിരുന്നവർക്ക് വേണ്ടി സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പുതുതായി തയ്യാറാക്കുന്ന സപ്ലിമെന്ററി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി യോഗ്യതാ പരീക്ഷയുടെ മാർക്ക് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

കേരളത്തിലെ സർക്കാർ നിയന്ത്രിത സ്വാശ്രയ, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുള്ള എഞ്ചിനീയറിംഗ് സീറ്റുകളിൽ പ്രവേശനം നടത്തുന്നതിനായി മാത്രം തയ്യാറാക്കുന്ന സപ്ലിമെന്ററി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനായി 2020-ലെ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ, അവർക്ക് യോഗ്യതാ പരീക്ഷയുടെ (പ്ലസ്ടു/തത്തുല്യം) **രണ്ടാം വർഷത്തിൽ** മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കേണ്ടതാണ്. കെമിസ്ട്രി പഠിച്ചിട്ടില്ലാത്തവർക്ക് കമ്പ്യൂട്ടർ സയൻസിന്റേയും, കെമിസ്ട്രിയും കമ്പ്യൂട്ടർ സയൻസും പഠിച്ചിട്ടില്ലാത്ത വർക്ക് ബയോടെക്നോളജിയുടേയും, കെമിസ്ട്രി, കമ്പ്യൂട്ടർ സയൻസ്, ബയോടെക്നോളജി എന്നിവ പഠിച്ചിട്ടില്ലാത്ത വർക്ക് ബയോളജിയുടേയും മാർക്ക് പരിഗണിക്കുന്നതാണ്. ഇപ്രകാരം സമർപ്പിച്ച മാർക്ക്/ഗ്രേഡിന് തുല്യമായ മാർക്ക് KEAM 2020 പ്രോസ്പെക്ടസ് ക്ലോസ് **9.7.4 (b)** പ്രകാരം സ്റ്റാൻഡേർഡൈസേഷൻ പ്രക്രിയയ്ക്കു വിധേയ മാക്കിയശേഷമാണ് സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്.

വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന മാർക്ക് വിവരങ്ങൾ അതേപടി സപ്ലിമെന്ററി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്. ഈ മാർക്ക് വിവരങ്ങൾ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും എന്തെങ്കിലും വ്യത്യാസം ഉള്ളപക്ഷം പ്രവേശനം നിരസിക്കുന്നതുമാണ്. ആയതിനാൽ വിദ്യാർത്ഥികൾ പ്ലസ്ടു/തത്തുല്യം രണ്ടാം വർഷത്തിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, ഓരോ വിഷയത്തിലെയും പരമാവധി മാർക്ക് എന്നിവ മാർക്ക് ലിസ്റ്റിലുള്ളതുപോലെ സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വിദ്യാർത്ഥികൾ തെറ്റായി സമർപ്പിക്കുന്ന മാർക്ക് വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

സപ്ലിമെന്ററി റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നതിനുവേണ്ടി യോഗ്യതാ പരീക്ഷയുടെ മാർക്ക് ഓൺലൈനായി സമർപ്പിക്കുന്നതിന് **24.11.2020** മുതൽ **27.11.2020** ഉച്ചയ്ക്ക് **1 മണി** വരെ വെബ്സൈറ്റിൽ സൗകര്യം ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന മാർക്ക് വിവരങ്ങൾ പരിഗണിച്ച് സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. മേൽപറഞ്ഞ പ്രകാരം വെബ്സൈറ്റ് വഴി യഥാസമയം യോഗ്യതാ പരീക്ഷയുടെ മാർക്കുകൾ രേഖപ്പെടുത്താത്ത വിദ്യാർത്ഥികളെ സപ്ലിമെന്ററി എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതല്ല.

**Help Line Number: 0471 2525300**

Seetha

തിരുവനന്തപുരം
24.11.2020

പ്രവേശന പരീക്ഷാ കമ്മീഷണർ